# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4583 — 21.03.2018 — ൽ മറുപടിക്ക്

## പുതിയ റേഷൻ കാർഡ് വിതരണവും ബി.പി.എൽ. കാർഡുടമകളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>വകുപ്പുമന്ത്രി) |
| (എ) പഴയ റേഷൻ കാർഡുകൾ പ്രകാരം സംസ്ഥാനത്ത് ആകെ എത്ര ബി.പി.എൽ. റേഷൻ കാർഡുടമകൾ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) പഴയ റേഷൻ കാർഡുകൾ പ്രകാരം സംസ്ഥാനത്ത് ആകെ 1478944 ബി.പി.എൽ. കാർഡുടമകളാണ് ഉണ്ടായിരുന്നത്. |
| (ബി) സംസ്ഥാനത്ത് റേഷൻ കാർഡുകൾ പുതുക്കി വിതരണം ചെയ്തതിന്റെ അടിസ്ഥാനത്തിൽ നിലവിൽ എത്ര ബി.പി.എൽ. റേഷൻ കാർഡുടമകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ ഭാഗമായി നിലവിലെ റേഷനിംഗ് സമ്പ്രദായത്തിൽ ബി.പി.എൽ/ എ.പി.എൽ വിഭാഗത്തിന് പകരമായി മുൻഗണനാ മുൻഗണനേതര വിഭാഗമാണ് ഉള്ളത്. സംസ്ഥാനത്ത് നിലവിൽ 2906709 റേഷൻ കാർഡുടമകളാണ് മുൻഗണനാ വിഭാഗത്തിലുള്ളത്. |
| (സി) ബി.പി.എൽ. കാർഡുടമകളായിരുന്ന പലരും പുതിയ റേഷൻ കാർഡ് വിതരണം ചെയ്തപ്പോൾ എ.പി.എൽ. കാർഡുടമകളായി മാറിയതിനാൽ ഇവ ബി.പി.എൽ. കാർഡാക്കിത്തന്നെ നിലനിർത്തണമെന്നാവശ്യപ്പെട്ട് എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ട്; വിശദമാക്കാമോ;<br><br>(ഡി) പ്രസ്തുത വിഷയത്തിന്മേൽ പരിശോധന നടത്തി സ്വീകരിച്ച തിരുത്തൽ നടപടികൾ വിശദീകരിക്കാമോ? | (സി) യും (ഡി) യും ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ ഭാഗമായി തയ്യാറാക്കിയ മുൻഗണനാ പട്ടികയിൽ ധാരാളം അപാകതകൾ ഉള്ളതായും, ഈ ലിസ്റ്റിൽ ഉൾപ്പെടേണ്ടിയിരുന്ന സമൂഹത്തിലെ ചില ദുർബല വിഭാഗങ്ങൾ ഒഴിവാക്കപ്പെട്ടിട്ടുള്ളതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നേരത്തെ അംഗീകരിച്ച മാനദണ്ഡങ്ങൾ പുന:ക്രമീകരിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി 7,42,278 അപേക്ഷകൾ ലഭിച്ചിരുന്നു. ഇതിൽ ഇരട്ടിപ്പുള്ള അപേക്ഷകൾ ഒഴിവാക്കി 5,67,009 അപേക്ഷകൾ റേഷൻ കട അടിസ്ഥാനത്തിൽ അദാലത്ത് നടത്തി തീർപ്പാക്കിയിട്ടുണ്ട്. ടി അപേക്ഷകരിൽ അനർഹരെ ഒഴിവാക്കുന്നതു വഴി ഉണ്ടാകുന്ന ഒഴിവുകളിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി റാങ്കിംഗ് ഉൾപ്പെടെയുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |

അനർഹരെ ഒഴിവാക്കുന്നതിലേയ്ക്കായി ശക്തമായ നടപടികൾ സ്വീകരിച്ചതിന്റെ ഭാഗമായി നടത്തിയ അന്വേഷണത്തിന്റെയും തദ്ദേശ സ്വയം ഭരണ വകുപ്പ്, മോട്ടോർ വാഹന വകുപ്പ് എന്നിവയിൽ നിന്നും ലഭ്യമായ വിവരങ്ങളുടേയും അടിസ്ഥാനത്തിൽ എ.എ.വൈ., മുൻഗണനാ, മുൻഗണനേതര സബ്സിഡി എന്നീ വിഭാഗങ്ങളിൽ നിന്ന് 91,169 സർക്കാർ ജീവനക്കാർ ഉൾപ്പെടെ 262675 അനർഹരെ കണ്ടെത്തിയിട്ടുണ്ട്. ഈ പ്രക്രിയ തുടർന്നു കൊണ്ടിരിക്കുകയാണ്. ഈ അനർഹരെ ഒഴിവാക്കി അർഹതയുള്ളതായി കണ്ടെത്തിയവരെ ഉൾപ്പെടുത്തി ലിസ്റ്റ് ഏപ്രിൽ മധ്യത്തോടെ കൃത്യമാക്കുന്നതാണ്. 2015 ലെ പി.ഡി.എസ് കൺട്രോൾ ഓർഡർ ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടിക ക്രമമായ കാലയളവിൽ പുന:പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്.

*സെക്ഷൻ ഓഫീസർ*